പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 537

28.02.2017 - ൽ മറുപടിയ്ക്ക്

# കയർ വ്യവസായത്തെ സംരക്ഷിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ.റോജി എം. ജോൺ | ഡോ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
| എ)കാലഘട്ടത്തിനനുസൃതമായുള്ള മാറ്റങ്ങൾക്ക് വിധേയമാക്കി കയർ വ്യവസായത്തെയും അതിൽ ഏർപ്പെട്ട് കഴിയുന്ന തൊഴിലാളികളെയും സംരക്ഷിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;<br><br>ബി) കഴിഞ്ഞ ഒമ്പത് മാസത്തിനിടയിൽ ഈ മേഖലയിൽ കൊണ്ടുവന്ന മാറ്റങ്ങൾ എന്തൊക്കെയാണ്; ഇതുമൂലം ഉല്പാദനത്തിലും തൊഴിലാളികളുടെ ജീവിത നിലവാരത്തിലും ഉണ്ടായിട്ടുള്ള വ്യത്യാസം എന്തൊക്കെയാണ്;<br><br>സി) കയറുല്പന്നമേഖലയിൽ സംസ്ഥാനത്തിനുണ്ടായിരുന്ന ആധിപത്യം തിരിച്ചുപിടിക്കുന്നതിനും ഈ മേഖലയെ ശക്തിപ്പെടുത്തുന്നതിനും പുതിയ തലമുറയെ ഈ വ്യവസായത്തിലേയ്ക്ക് ആകർഷിക്കുന്നതിനും എന്തെങ്കിലും നൂതന പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശമുണ്ടോ; വിശദാംശം നൽകുമോ? | <u>എ), ബി)&സി)</u><br>കാലഘട്ടത്തിനനുസൃതമായിട്ടുള്ള മാറ്റങ്ങൾക്ക് വിധേയമായി കയർ വ്യവസായത്തെയും അതിൽ ഏർപ്പെട്ട് കഴിയുന്ന തൊഴിലാളികളെയും സംരക്ഷിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കയർ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നായ ചകിരി ദൗർലഭ്യം പരിഹരിക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള തൊണ്ടുസംഭരണവും ചകിരി ഉൽപ്പാദനവും എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കയർ മേഖലയെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/ പ്രവർത്തനമൂലധനം നൽകുന്നു.<br><br>2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകി വരുന്നു.<br><br>3. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എംഡിഎ) നൽകി വരുന്നു.<br><br>4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ നൽകുന്നു.<br><br>5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് |

സബ്സിഡി) നൽകി വരുന്നു.

6. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.

7. ഉൽപ്പാദനവും വിപണന പ്രചോദനവും (പിഎംഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.

8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് 17 കോടിയിൽ നിന്നും 77 കോടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

9. കയർമേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.

10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.

11. കയർ ജിയോ ടെക്സ്റ്റയിൽസ് വിനിയോഗം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി വിപുലീകരിക്കുന്നതിന് പരിപാടി നടപ്പിലാക്കുന്നു

12. കയർപിരി / ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.

13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.

14. കയർ സഹകരണ സംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചുവരുന്നു.

അംഗസംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ കയർഫെഡ് ന്യായവില നൽകി സംഭരിച്ചുവരുന്നു. കയറുല്പ്പന്നങ്ങൾ ന്യായവില നൽകി കൊണ്ട് കയർ കോർപ്പറേഷനും സംഭരിക്കുന്നുണ്ട്. കയർഫെഡിനും കയർ കോർപ്പറേഷനും കൂടി ഈ സാമ്പത്തിക വർഷം 43,60,36,938/ രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതു വഴി സംഘങ്ങളിൽ മുടക്കം കൂടാതെ

തൊഴിലാളികൾക്ക് ജോലിയും സ്ഥിരവരുമാനവും ലഭിച്ചു വരുന്നു മേൽ പരാമർശിച്ചിട്ടുള്ള വിവിധ പദ്ധതികളിലൂടെ ഉല്പാദനത്തിലും തൊഴിലാളികളുടെ ജീവിത നിലവാരത്തിലും പുരോഗതി ഉണ്ടായിട്ടുണ്ട്.

ഇത്തരം പദ്ധതികളിലൂടെ കയറുൽപ്പന്നമേഖലയിൽ സംസ്ഥാനത്തിനുണ്ടായിരുന്ന ആധിപത്യം തിരിച്ചുപിടിക്കാനും പുതിയ തലമുറയെ ഈ മേഖലയിലേക്ക് ആകർഷിച്ച് കയർ വ്യവസായത്തെ സംരക്ഷിക്കാമെന്നും സർക്കാർ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ